പുളിമാത്ത് പഞ്ചായത്തിൽ ആർ. എൽ. ഇ. ജി. പി. സ്കീം പ്രകാരം നിർമ്മിച്ച റോഡുകൾ

868. [1079] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1982 ഏപ്രിൽ 1 മുതൽ 1986 സെപ്റ്റംബർ 30 വരെ കിളിമാനൂർ ബ്ലോക്കതിർത്തിയിൽപ്പെട്ട പുളിമാത്ത് പഞ്ചായത്തിൽ ആർ. എൽ. ഇ. ജി. പി. സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിച്ച റോഡുകൾ എത്ര ;

(ബി) അവ ഏതെല്ലാം ;

(സി) അവയ്ക്കുവേണ്ടി മൊത്തം ചെലവഴിച്ച സംഖ്യ എത്ര ?

ഉത്തരം

(എ) ആർ. എൽ. ഇ. ജി. പി. സ്കീമിൽ ഉൾപ്പെടുത്തി പുളിമാത്തു പഞ്ചായത്തിൽ റോഡുകൾ നിർമ്മിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

നാവായിക്കുളം പഞ്ചായത്തിൽ ആർ. എൽ. ഇ. ജി. പി. സ്കീം പ്രകാരം നിർമ്മിച്ച റോഡുകൾ

869. [1080] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1982 ഏപ്രിൽ 1 മുതൽ 1986 സെപ്റ്റംബർ 30 വരെ കിളിമാനൂർ ബ്ലോക്കതിർത്തിയിൽ പെട്ടിട്ടുള്ള നാവായിക്കുളം പഞ്ചായത്തിൽ ആർ. എൽ. ഇ. ജി. പി. സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിച്ച റോഡുകളെത്ര ;

(ബി) അവ ഏതെല്ലാം ;

(സി) അവയ്ക്കുവേണ്ടി മൊത്തം ചെലവഴിച്ച സംഖ്യ എത്ര ?

ഉത്തരം

(എ) ഒരു റോഡിന്റെ പണി നടന്നുകൊണ്ടിരിക്കുന്നു.

(ബി) എൻ. എച്ച്. 47-ൽ 28-ാമത്തെ മൈൽ മുതൽ കാട്ടുപുതുശ്ശേരി റോഡ് (പണി പൂർത്തിയായിട്ടില്ല.)

(സി) ഇതുവരെ 2,04,202 രൂപ ചെലവഴിച്ചു.

പള്ളിക്കൽ പഞ്ചായത്തിൽ ആർ. എൽ. ഇ. ജി. പി. സ്കീം പ്രകാരം നിർമ്മിച്ച റോഡുകൾ

870. [1081] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1982 ഏപ്രിൽ 1 മുതൽ 1986 സെപ്റ്റംബർ 30 വരെ കിളിമാനൂർ ബ്ലോക്കതിർത്തിയിലുള്ള പള്ളിക്കൽ പഞ്ചായത്തിൽ ആർ. എൽ. ഇ. ജി. പി. സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിച്ച റോഡുകൾ എത്ര ;

(ബി) അവ ഏതെല്ലാം ;

(സി) അവയ്ക്കുവേണ്ടി മെത്തം ചെലവഴിച്ച സംഖ്യ എത്ര ?

ഉത്തരം

(എ) ആർ. എൽ. ഇ. ജി. പി. സ്കീമിൽ ഉൾപ്പെടുത്തി പള്ളിക്കൽ പഞ്ചായത്തിൽ റോഡുകൾ നിർമ്മിച്ചിട്ടില്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly